# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2478:** **13/02/2013- ൽ മറുപടിക്ക്**

**അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ**

**ചോദ്യം** **ഉത്തരം**

**ശ്രീ. പി. തിലോത്തമൻ :** **ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചെറുകിട വ്യവസായ സംരംഭങ്ങൾ അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവ്, വൈദ്യുതി ചാർജ്ജ് വർദ്ധനവ് തുടങ്ങിയ വിവിധ കാരണങ്ങളാൽ അടച്ചുപൂട്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | അടച്ചു പൂട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഉല്പാദനക്ഷമതയേയും ലാഭത്തേയും ബാധിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ ഇത്തരത്തിലുള്ള കാരണങ്ങളാൽ അടച്ചുപൂട്ടപ്പെട്ട എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഉണ്ടെന്ന് പറയാമോ ; ആലപ്പുഴ ജില്ലയിൽ ഇപ്രകാരം എത്ര സ്ഥാപനങ്ങൾ ഇതിനോടകം അടച്ചുപൂട്ടിയെന്ന് വ്യക്തമാക്കുമോ ; | (ബി) | ബാധകമല്ല. |
| (സി) | ഇരുമ്പും ഉരുക്കും അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ചിരുന്ന എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ചേർത്തല താലൂക്കിൽ ഈ സർക്കാർ കാലയളവിൽ അടച്ചുപൂട്ടപ്പെട്ടുവെന്ന് വ്യക്തമാക്കുമോ; | (സി) & (ഡി) | അടച്ചുപൂട്ടപ്പെട്ടിട്ടില്ല. |
| (ഡി) | കയറ്റിറക്ക് തീരുവകളിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ മൂലം അടച്ചുപൂട്ടപ്പെടുകയും നഷ്ടത്തിലേക്ക് പോകുകയും ചെയ്യുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ ബാങ്ക് വായ്പകളും പലിശയും, വൈദ്യുതി ചാർജ്ജ് കുടിശ്ശികയും എഴുതിത്തള്ളാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ